REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-03-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന്റെ മത്സര ചിത്രം തെളിഞ്ഞു. 140 മണ്ഡലങ്ങളിലായി 890 സ്ഥാനാർത്ഥികൾ മത്സരരംഗത്ത്.**
- **നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു.**
- **രാജ്യത്ത് 60 ദിവസത്തേക്ക് ആവശ്യമായ ഇന്ധനങ്ങളുടെയും പാചക വാതകത്തിന്റെയും കരുതൽ ശേഖരം ഉണ്ടെന്ന് പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം.**
- **സംസ്ഥാനത്ത് 11 ജില്ലകളിലെ ചിലയിടങ്ങളിൽ ഇന്ന് നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ്.**
- **ഛത്തീസ്ഗഢിലെ ആദ്യ ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിൽ എട്ട് സ്വർണവുമായി കർണാടക മുന്നിൽ.**

## വാർത്തകൾ വിശദമായി

നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി അവസാനിച്ചതോടെ സംസ്ഥാനത്തെ തിരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു. 117 പത്രികകളാണ് ഇന്നലെ പിൻവലിച്ചത്. 140 മണ്ഡലങ്ങളിലായി 890 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്. സ്വതന്ത്ര സ്ഥാനാർത്ഥികൾക്ക് തിരഞ്ഞെടുപ്പ് ചിഹ്നങ്ങളും തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിച്ചു. കേരളത്തിനു പുറമേ അസമിലും പുതുച്ചേരിയും നാമനിർദേശ പത്രികകൾ പിൻവലിക്കുന്ന സമയ പരിധി ഇന്നലെ പൂർത്തിയായി. അടുത്തമാസം 9-നാണ് സംസ്ഥാനത്ത് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിനാണ്.

✪✪✪

തിരുവനന്തപുരം ജില്ലയിൽ പത്തുപേർ പത്രിക പിൻവലിച്ചതോടെ തെരഞ്ഞെടുപ്പ് രംഗത്ത് ശേഷിക്കുന്നത് 105 സ്ഥാനാർത്ഥികളാണ്. ഡമ്മി സ്ഥാനാർത്ഥികളും കക്ഷിരഹിതരും ആണ് പത്രിക പിൻവലിച്ചതിൽ ഏറിയ പങ്കും.

കോഴിക്കോട് ജില്ലയിൽ 14 പേർ പത്രിക പിൻവലിച്ചു. ഇതോടെ 13 മണ്ഡലങ്ങളിലായി 98 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്.

കണ്ണൂർ ജില്ലയിൽ 13 പത്രിക പിൻവലിച്ചതോടെ 11 മണ്ഡലങ്ങളിലായി 75 പേർ മത്സരരംഗത്തുണ്ട്.

എറണാകുളം ജില്ലയിൽ എട്ടുപേർ പത്രിക പിൻവലിച്ചു. 14 മണ്ഡലങ്ങളിലായി നിലവിൽ 85 സ്ഥാനാർത്ഥികൾ ഉണ്ട്.

ഇടുക്കി ജില്ലയിൽ ആറ് പത്രിക പിൻവലിച്ചു. മത്സരരംഗത്ത് 27 സ്ഥാനാർത്ഥികളുണ്ട്.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ വെബ്സൈറ്റിൽ അന്തിമ വോട്ടർ പട്ടികാ വിവരങ്ങൾ ലഭ്യമാണ്. കൂടാതെ താലൂക്ക് ഓഫീസുകളിലും , വില്ലേജ് ഓഫീസുകളിലും, ബൂത്ത് ലെവൽ ഓഫീസറുടെ കൈവശവും അന്തിമ വോട്ടർ പട്ടിക ലഭിക്കും. അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്ക് താലൂക്ക് ഓഫീസുകളിൽ നിന്ന് വോട്ടർ പട്ടിക കൈപ്പറ്റി സൂക്ഷ്മ പരിശോധന നടത്താമെന്ന് സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് സ്ഥാനാർത്ഥികളും നേതാക്കളും തെരഞ്ഞെടുപ്പ് പ്രചാരണം കൂടുതൽ ഊർജ്ജിതമാക്കി. മുഖ്യമന്ത്രിയും മുതിർന്ന CPIM നേതാവുമായ പിണറായി വിജയൻ ഇന്നലെ എറണാകുളം ജില്ലയിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ സജീവമായി. പ്രതിപക്ഷ നേതാവ് VD സതീശൻ പാലക്കാട് ജില്ലയിലെ പ്രചാരണ പരിപാടികളിലാണ് പങ്കെടുത്തത്. AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ ഇന്നലെ കണ്ണൂരിൽ UDF സ്ഥാനാർഥിക്കുവേണ്ടി പ്രചാരണത്തിനെത്തി. NDA നേതാവും കേന്ദ്ര സഹമന്ത്രിയുമായ സുരേഷ് ഗോപി കോഴിക്കോട്ട് BJP സ്ഥാനാർത്ഥിയുടെ തെരഞ്ഞെടുപ്പ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി NDA സ്ഥാനാർത്ഥികളുടെ പ്രചാരണത്തിന് മറ്റന്നാൾ കേരളത്തിലെത്തും. പാലക്കാട്ടും തൃശ്ശൂരും പ്രധാനമന്ത്രി പ്രചാരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കും. പാലക്കാട്ട് റാലിയിൽ സംസാരിക്കുന്ന അദ്ദേഹം തൃശ്ശൂരിൽ റോഡ് ഷോയിലും സംബന്ധിക്കും. അടുത്തമാസം നാലിന് നരേന്ദ്രമോദി തിരുവനന്തപുരത്തും പാലായിലും തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തുമെന്ന് BJP നേതാക്കൾ അറിയിച്ചു. തിരുവനന്തപുരത്ത് റോഡ്ഷോയിൽ പങ്കെടുക്കുന്ന നരേന്ദ്രമോദി പാലായിൽ പൊതുസമ്മേളനത്തെ  അഭിസംബോധന ചെയ്യും.

✪✪✪

LDF സ്ഥാനാർത്ഥികളുടെ പ്രചാരണത്തിന് വേണ്ടി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തൃശ്ശൂർ ജില്ലയിലെത്തും.

രാവിലെ തൃശ്ശൂരിൽ മാധ്യമങ്ങളെ കണ്ട ശേഷം അദ്ദേഹം പ്രചാരണ പരിപാടികളിൽ  പങ്കെടുക്കും.

വൈകിട്ട് മണ്ണുത്തി പട്ടിക്കാട് സെൻട്രലിലെ തെരഞ്ഞെടുപ്പ് റാലിയിലും മുഖ്യമന്ത്രി പങ്കെടുക്കും.

✪✪✪

UDF അധികാരത്തിൽ വന്നാൽ ഗവൺമെന്റ് പ്രഖ്യാപിച്ച വയനാട് ടൗൺഷിപ്പിലെ വീടുകളുടെ പൂർത്തീകരണമാണ് ആദ്യ പരിപാടിയെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു. രാഹുൽഗാന്ധിയെ കടന്നാക്രമിക്കാനാണ് മുഖ്യമന്ത്രി പിണറായി വിജയൻ ശ്രമിക്കുന്നതെന്ന് അദ്ദേഹം വയനാട്ടിൽ കുറ്റപ്പെടുത്തി.

✪✪✪

വോട്ടവകാശത്തിന്റെ പ്രാധാന്യം സമൂഹത്തിലേക്ക് എത്തിക്കുന്നതിനായി 'എന്റെ വോട്ട്, എന്റെ ശക്തി'  സംസ്ഥാനതല വോട്ടർ ബോധവത്കരണ ക്യാമ്പയിന് നാളെ  തിരുവനന്തപുരത്ത് തുടക്കമാവും. സംസ്ഥാന നിയമസേവന അതോറിറ്റിയും തെരഞ്ഞെടുപ്പ് കമ്മീഷനും, ജനമൈത്രി പോലീസും ചേർന്ന് സംഘടിപ്പിക്കുന്ന ക്യാമ്പയിൻ തിരുവനന്തപുരം മാനവീയം വീഥിയിൽ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് AK.ജയശങ്കരൻ നമ്പ്യാർ  ഉദ്ഘാടനം ചെയ്യും.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളുടെയും V.V.പാറ്റിന്റെയും രണ്ടാംഘട്ട റാൻഡമൈസേഷൻ ഈ മാസം 31-ന് രാവിലെ നടത്തുമെന്ന് കോഴിക്കോട് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ

സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. സ്ഥാനാർത്ഥികളുടെയും, പ്രതിനിധികളുടെയും, പൊതു നിരീക്ഷകരുടെയും സാന്നിധ്യത്തിലാണ് റാൻഡമൈസേഷൻ.

✪✪✪

ഒരു രാഷ്ട്രീയ പാർട്ടിയുടെ ഓഫീസ് സീൽ പതിച്ച സർക്കുലർ മറ്റ് രാഷ്ട്രീയ പാർട്ടികൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ വിതരണം ചെയ്ത സംഭവത്തിൽ പ്രതികരിച്ചവർക്കെതിരെ ഉണ്ടായ പൊലീസ് നടപടിയെ മുഖ്യമന്ത്രി പിണറായി വിജയൻ അപലപിച്ചു. തെരഞ്ഞെടുപ്പ് കമ്മീഷന്റ ആവശ്യപ്രകാരമാണ് പൊലീസ് നോട്ടീസ് അയച്ചതെന്നാണ് കരുതുന്നതെന്ന് മുഖ്യമന്ത്രി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് അയച്ച കത്തിൽ വിലയിരുത്തി.

കമ്മീഷൻ ഉദ്യോഗസ്ഥരുടെ നടപടികളിൽ പൂർണ്ണ രാഷ്ട്രീയ നിഷ്പക്ഷത പ്രതിഫലിക്കണമെന്നും എങ്കിൽ മാത്രമേ തിരഞ്ഞെടുപ്പ് കമ്മീഷന് അർഹമായ ബഹുമാന്യത ലഭിക്കൂ എന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പും ഉപ തെരഞ്ഞെടുപ്പും നടത്തുന്ന സംസ്ഥാനങ്ങളിൽ നിന്ന് ഇതുവരെ 409 കോടിയോളം രൂപയുടെ പണവും മദ്യവും മയക്കുമരുന്നും പിടികൂടിയതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഫെബ്രുവരി 26 മുതൽ മാർച്ച് 25 വരെ ലഭിച്ച കണക്കാണിത്. തെരഞ്ഞെടുപ്പ് പ്രക്രിയ നിരീക്ഷിക്കാനും സുതാര്യമാക്കാനും 5173 ഫ്ലയിംഗ് സ്ക്വാഡുകളെയും, 5200 സ്റ്റാറ്റിക് സർവെയ്‌ലൻസൻ ടീമുകളെയും കമ്മീഷൻ നിയോഗിച്ചിട്ടുണ്ട്.

C-വിജിൽ ആപ്പ് വഴി 70,944 പരാതികൾ ലഭിച്ചതിൽ 70,731 എണ്ണം തീർപ്പാക്കിയതായും കമ്മീഷൻ അറിയിച്ചു.

✪✪✪

രാജ്യത്ത് നിലവിൽ 60 ദിവസത്തേക്ക് ആവശ്യമായ ഇന്ധനങ്ങളുടെയും പാചക വാതകത്തിന്റെയും കരുതൽ ശേഖരം ഉണ്ടെന്ന് പെട്രോളിയം പ്രകൃതിവാതക മന്ത്രാലയം വ്യക്തമാക്കി. 74 ദിവസത്തേക്ക് ആവശ്യമായ കരുതൽശേഖരം സംഭരിക്കാൻ രാജ്യത്ത് സംവിധാനമുണ്ട്. ഇന്ധന സാഹചര്യം തികച്ചും ഭദ്രവും നിയന്ത്രണവിധേയവുമാണ്. രാജ്യം ഒരിടത്തും ഇന്ധനങ്ങൾക്കോ LPG-ക്കോ ദൗർലഭ്യമില്ലെന്നും അറിയിപ്പിൽ പറയുന്നു. ഇന്ത്യക്ക് 41 ലേറെ വിതരണക്കാരിൽ നിന്ന് ക്രൂഡ് ഓയിൽ ലഭിക്കുന്നുണ്ടെന്നും എണ്ണ ശുദ്ധീകരണ ശാലകൾ പൂർണതോതിൽ പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രാലയം വെളിപ്പെടുത്തി. ഇന്ധന ദൗർലഭ്യം സംബന്ധിച്ച വ്യാജ പ്രചാരണങ്ങളിൽ തെറ്റിദ്ധരിക്കപ്പെടരുതെന്ന് മന്ത്രാലയം ജനങ്ങളോട് അഭ്യർത്ഥിച്ചു.

രാജ്യത്ത് രണ്ട് ദിവസത്തേക്ക് ആവശ്യമായ പെട്രോൾ മാത്രമാണ് ശേഷിക്കുന്നതെന്ന സാമൂഹ്യ മാധ്യമ പ്രചാരണങ്ങൾ വ്യാജമാണെന്ന് PIB ഫാക്ട് ചെക്ക് വിഭാഗം വ്യക്തമാക്കി. ഗവൺമന്റ് ഇത്തരമൊരു വെളിപ്പെടുത്തൽ നടത്തിയിട്ടില്ലെന്ന് അവർ അറിയിച്ചു.

✪✪✪

ഹോർമൂസ് കടലിടുക്ക് തുറക്കാൻ ഇറാന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അടുത്തമാസം ആറു വരെ കാലാവധി നീട്ടി നൽകി. ഇറാന്റെ ഊർജ നിലയങ്ങളിലെ ബോംബാക്രമണം നിർത്തിവയ്ക്കുന്നതായും ട്രംപ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു. എന്നാൽ ആയിരക്കണക്കിന് US സൈനികർ ഈ മേഖലയിലേക്ക് നീങ്ങുന്നതായും റിപ്പോർട്ടുണ്ട്.

✪✪✪

പശ്ചിമേഷ്യൻ സംഘർഷം തുടരുന്ന സാഹചര്യത്തിൽ, പാചക വാതക വിതരണമടക്കം വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി മുഖ്യമന്ത്രിമാരുമായി വീഡിയോ കോൺഫറൻസിലൂടെ ഇന്ന് ചർച്ച നടത്തും. സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട പരിഹാര നടപടികൾ യോഗത്തിൽ ചർച്ചയാകും. തിരഞ്ഞെടുപ്പ് നടക്കുന്ന കേരളമടക്കം സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ യോഗത്തിൽ പങ്കെടുക്കില്ല.

✪✪✪

പശ്ചിമേഷ്യൻ സംഘർഷം തുടരുന്ന സാഹചര്യത്തിൽ, പാചക വാതക വിതരണമടക്കം വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി മുഖ്യമന്ത്രിമാരുമായി വീഡിയോ കോൺഫറൻസിലൂടെ ഇന്ന് ചർച്ച നടത്തും. സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട പരിഹാര നടപടികൾ യോഗത്തിൽ ചർച്ചയാകും. തിരഞ്ഞെടുപ്പ് നടക്കുന്ന കേരളമടക്കം സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ യോഗത്തിൽ പങ്കെടുക്കില്ല.

✪✪✪

സംസ്ഥാനത്ത് പലയിടത്തും ഉയർന്ന താപനില അനുഭവപ്പെടുന്നതിനിടെ ഇന്ന് സംസ്ഥാനത്ത് 11 ജില്ലകളിലെ ചിലയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെ ജില്ലകളിലാണ് മഴ സാധ്യത. നാളെ എല്ലാ ജില്ലകളിലും ചിലയിടങ്ങളിൽ നേരീയ മഴ ഉണ്ടായേക്കുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം. ഞായർ, തിങ്കൾ ദിവസങ്ങളിലും ഇതേ നില തുടരും.

✪✪✪

ഛത്തീസ്ഗഢിലെ ആദ്യ ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിൽ എട്ട് സ്വർണവുമായി കർണാടക മുന്നിട്ടുനിൽക്കുന്നു. രണ്ടാം സ്ഥാനത്ത് അഞ്ച് സ്വർണത്തോടെ ഒഡിഷയാണ്. ഏപ്രിൽ മൂന്ന് വരെ മത്സരങ്ങൾ തുടരും. 3000ത്തോളം കായിക താരങ്ങൾ  പങ്കെടുക്കുന്നുണ്ട്.

✪✪✪

IPL ക്രിക്കറ്റ് രണ്ടാം ഘട്ടത്തിന്റെ മത്സരവേദികളും തിയതികളും ക്രിക്കറ്റ് കൺട്രോൾ ബോർഡ് പുറത്തുവിട്ടു. ഏപ്രിൽ 13 മുതൽ മെയ് 24 വരെ 12 നഗരങ്ങളിലാണ് രണ്ടാം ഘട്ടത്തിലെ 50 മത്സരങ്ങൾ. പ്ലേ ഓഫ് മത്സരങ്ങളുടെ വിശദാംശങ്ങൾ പിന്നീട് തീരുമാനിക്കും.

IPL രണ്ടാം ഘട്ടത്തിലെ ആദ്യ മത്സരം ഹൈദരാബാദിൽ ഏപ്രിൽ 13ന് സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെ നേരിട്ടുകൊണ്ടായിരിക്കും.

✪✪✪

ട്രാൻസ്ജെൻഡർ വനിതാ അത്‌ലറ്റുകളെ ഒളിമ്പിക്സിൽ വനിതാ വിഭാഗത്തിൽ മത്സരിക്കാൻ അനുവദിക്കേണ്ടതില്ലെന്ന് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി തീരുമാനിച്ചു. US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പുവെച്ച എക്സിക്യൂട്ടീവ് ഉത്തരവ് അനുസരിച്ചാണ് ഒളിമ്പിക്സിൽ പുതിയ യോഗ്യതാ നയം നടപ്പാക്കിയത്. മത്സരങ്ങളിലെ സ്വാഭാവിക നീതി ഉറപ്പാക്കാനാണ് നടപടിയെന്ന് ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ക്രിസ്റ്റി കോവൻട്രി വ്യക്തമാക്കി.

✪✪✪

ട്രാൻസ്ജെൻഡർ വനിതാ അത്‌ലറ്റുകളെ ഒളിമ്പിക്സിൽ വനിതാ വിഭാഗത്തിൽ മത്സരിക്കാൻ അനുവദിക്കേണ്ടതില്ലെന്ന് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി തീരുമാനിച്ചു. US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഒപ്പുവെച്ച എക്സിക്യൂട്ടീവ് ഉത്തരവ് അനുസരിച്ചാണ് ഒളിമ്പിക്സിൽ പുതിയ യോഗ്യതാ നയം നടപ്പാക്കിയത്. മത്സരങ്ങളിലെ സ്വാഭാവിക നീതി ഉറപ്പാക്കാനാണ് നടപടിയെന്ന് ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റ് ക്രിസ്റ്റി കോവൻട്രി വ്യക്തമാക്കി.

✪✪✪

ഇന്ന് ലോക നാടക ദിനം. 1961 ൽ ഇന്റർനാഷണൽ തിയറ്റർ ഇൻസ്റ്റിറ്റ്യൂട്ടാണ് മാർച്ച് 27 ന് ലോക  നാടക ദിനം  ആചരിച്ചു തുടങ്ങിയത്. നാടകകലകളുടെ സൗന്ദര്യം, പ്രാധാന്യം എന്നിവയെക്കുറിച്ചും, വിനോദ വ്യവസായത്തിൽ നാടകം

വഹിക്കുന്ന പങ്കിനെക്കുറിച്ചും ജനങ്ങളിൽ അവബോധമുണ്ടാക്കുകയാണ് ദിനാചരണ ലക്ഷ്യം.

"നാടകവും സമാധാന സംസ്കാരവും" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

മലപ്പുറം ജില്ലയിൽ തെരുവുനായ ആക്രമണം മൂലമുണ്ടായ അപകടങ്ങൾക്ക് ഏഴ് ലക്ഷത്തി 40,800 രൂപ നൽകാൻ സ്ട്രേ ഡോഗ് വിക്ടിം കോമ്പൻസേഷൻ റെക്കമെന്റേഷൻ കമ്മിറ്റി ഗവണ്മെന്റിന് ശുപാർശ നൽകി. കമ്മിറ്റി പരിഗണിച്ച 40 പരാതികളിൽ 20 എണ്ണത്തിലാണ് ശുപാർശ.

✪✪✪

കോട്ടക്കൽ സാമൂതിരി കോവിലകത്തെ KC.കുട്ടി അനുജൻ രാജ അന്തരിച്ചു. 89 വയസ്സായിരുന്നു. സംസ്കാരം ഉച്ചയ്ക്ക് കോട്ടക്കൽ കിഴക്കേ കോവിലകം ശ്മശാനത്തിൽ നടത്തും.

✪✪✪

*News Editor വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: സബിത കെ*
*DEO : സി കെ സുബോധ്*